**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ഇടുക്കി ജില്ലയിൽ ഇടുക്കി താലൂക്കിൽ ഇടുക്കി വില്ലേജിൽ ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് സർവ്വേ 161/1 ൽ പെട്ട 03.8477 ഹെക്ടർ ഭൂമി, മിനി ഫുഡ് പാർക്ക് സ്ഥാപിയ്ക്കുന്നതിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരവും നിബന്ധനകൾക്കു വിധേയമായും പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ഉപയോഗാനുമതി വ്യവസായ വകുപ്പിന് കൈമാറി നൽകി -ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**റവന്യൂ(എ) വകുപ്പ്**

സ.ഉ.(കൈ) നം.93/2025/RD തീയതി,തിരുവനന്തപുരം, 09-04-2025

---

പരാമർശം:-

1. സ.ഉ(കൈ) നം.346/80/എഡി, തീയതി 27.09.1980.
2. സ.ഉ(കൈ) നം.98/07/എൽഎസ്ജിഡി,തീയതി 30.03.2007.
3. സ.ഉ(സാധാ) നം.524/2010/തസ്വഭവ, തീയതി 18.02.2010.
4. ജില്ലാ കളക്ടറുടെ 03.01.2025 ലെ DCIDK/7251/2023-C9 നം കത്ത്.
5. ലാന്റ് റവന്യൂ കമ്മീഷണറുടെ 20.01.2025 ലെ LR/539/2025-LR(K2) നം കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ, ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ, ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് സർവ്വേ 161/1 ൽ പെട്ട 03.8477 ഹെക്ടർ ഭൂമി മിനി ഫുഡ് പാർക്ക് സ്ഥാപിയ്ക്കുന്നതിനായി വ്യവസായ വകുപ്പിന് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം കൈമാറുന്നതിനായി ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (5) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

` 2. ഇടുക്കി ജില്ലയുടെ രൂപീകരണത്തോടെ ജില്ലാ ആസ്ഥാനത്തിലെ ടൗൺഷിപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പരാമർശം (1) പ്രകാരം ഇടുക്കി വികസന അതോറിറ്റിക്ക് (IDA) കൈമാറുന്നതിനായി അനുമതി നൽകിയതിൽ ഉൾപ്പെട്ടതും, ഇടുക്കി താലൂക്കിൽ ഇടുക്കി വില്ലേജിൽ സർവ്വെ നമ്പർ 161/1 ൽ ഉൾപ്പെട്ടു വരുന്നതുമായ ഭൂമിയാണ് പദ്ധതിക്കായി കണ്ടെത്തിയിട്ടുള്ളത്. പരാമർശം (2) ഉത്തരവ് പ്രകാരം ഇടുക്കി വികസന അതോറിറ്റിയുടെ പ്രവർത്തനം നിർത്തുകയും അതോറിറ്റിയുടെ ആസ്തികളും ബാധ്യതകളും ജില്ലാ പഞ്ചായത്തിലേക്ക് നിക്ഷിപ്തമാക്കുകയും. ഇപ്രകാരം ജില്ലാ പഞ്ചായത്തിനു കൈവശം ലഭിച്ചതിൽ ഉൾപ്പെട്ട സർവ്വേ 161/1 ൽ പെട്ട 106 ഏക്കർ സ്ഥലം ടൂറിസം പദ്ധതിക്കായി ഡി.റ്റി.പി.സിക്ക് അനുവദിക്കുന്നതിന് ഇടുക്കി ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിരുന്നതും പെർമിസ്സീവ് സാങ്ഷൻ നൽകാൻ ഇടുക്കി ജില്ലാ പഞ്ചായത്തിന് അനുമതി നൽകി

പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നതായും ഇപ്രകാരം ഡി.റ്റി.പി.സി യുടെ കൈവശത്തിലുള്ള ടി സ്ഥലത്തു നിന്നും ആലിൻചുവട് ക്ഷേത്രത്തിനു സമീപം 10 ഏക്കർ സ്ഥലം മിനി ഫുഡ് പാർക്ക് സ്ഥാപിയ്ക്കുന്നതിനായി ഉപയോഗിക്കുന്നതിൽ ആക്ഷേപമില്ലായെന്ന് 22.06.2024 ൽ ചേർന്ന ഡി.റ്റി.പി.സി എക്സിക്യൂട്ടിവ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ടി 03.8477 ഹെക്ടർ സ്ഥലം ഇടുക്കി ആലിൻച്ചുവട് ജംഗ്ഷനിൽ നിന്നും ഉദ്ദേശം 300 മീറ്റർ തെക്ക് കിഴക്ക് മാറി അടിമാലി-കുമിളി ദേശീയപാതയ്ക്ക് പടിഞ്ഞാറു സ്ഥിതി ചെയ്യുന്നതും ടി വസ്തുവിന്റെ വടക്കുവശം മൾട്ടിപ്ലെക്സ് തിയേറ്ററിന് കൈമാറുന്ന സ്ഥലവും KSEB വക റോഡും തെക്ക് DTPC വക ഭൂമിയും പടിഞ്ഞാറ് സാംസ്കാരിക സമുച്ചയത്തിനും ഇറിഗേഷൻ മ്യൂസിയത്തിനും കൈമാറുന്ന സ്ഥലവുമാണ്. ടി സ്ഥലത്തിന് 18,79,21,668- രൂപ (പതിനെട്ട് കോടി എഴുപത്തൊൻപത് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി അറുന്നൂറ്റി അറുപത്തിയെട്ട് രൂപ) വില കണക്കാക്കാവുന്നതാണെന്നും ടി ഭൂമി സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം മിനി ഫുഡ്പാർക്ക് സ്ഥാപിക്കുന്നതിനായി വ്യവസായ വകുപ്പിന് കൈമാറി നൽകാവുന്നതാണെന്നും ലാന്റ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിൽ, ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ, ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് സർവ്വേ 161/1 ൽ പെട്ട 03.8477 ഹെക്ടർ ഭൂമി, മിനി ഫുഡ് പാർക്ക് സ്ഥാപിയ്ക്കുന്നതിനായി , രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരവും ചുവടെ ചേർക്കുന്ന നിബന്ധനകൾക്കു വിധേയമായും പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ഉപയോഗാനുമതി വ്യവസായ വകുപ്പിന് കൈമാറി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii) മിനി ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിന് ഭൂമി പാട്ടത്തിനു നൽകുമ്പോൾ 1964 ലെ ഭൂ പതിവ് ചട്ടത്തിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

iv) ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും വ്യവസായ വകുപ്പ് തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ് ;

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതുമാണ്;

vi) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ് ;

Vii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

5. ഇക്കാര്യത്തിലുള്ള നിയമാനുസൃതനടപടികൾ ഇടുക്കി ജില്ലാകളക്ടർ സ്വീകരിയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ്നേഹലത കെ

ജോയിന്റ് സെക്രട്ടറി

1. ലാന്റ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം.
2.അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ),കേരള,തിരുവനന്തപുരം.
3.ജില്ലാ കളക്ടർ, ഇടുക്കി.
4.വ്യവസായ വകുപ്പ്.
5.വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ)വകുപ്പ്.
6.കരുതൽ ഫയൽ (എ2/12/2025)

ഉത്തരവിൻ പ്രകാരം

Signed by
Prathapachandran S
Date: 10-04-2025 11:18:29

സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്.